# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ - കൊല്ലം ജില്ല

**(ദക്ഷിണ മേഖലകാർഷിക ഗവേഷണകേന്ദ്രം വെള്ളായണിയും, ഭാരതീയ കാലാവസ്ഥവകുപ്പും സംയുക്തമായി നൽകുന്നത്)**

നമ്പർ:KLM-AAS-35/2025, (69) തീയ്യതി: 29.08.2025

## അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥ പ്രവചനം

| കാലാവസ്ഥ ഘടകങ്ങൾ | 30/08/2025 | 31/08/2025 | 01/09/2025 | 02/09/2025 | 03/09/2025 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 20 | 6 | 3 | 2 | 2 |
| ഉയർന്നതാപനില(° C) | 30 | 31 | 32 | 32 | 32 |
| കുറഞ്ഞതാപനില(° C) | 23 | 25 | 24 | 24 | 24 |
| കൂടിയഅന്തരീക്ഷആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞഅന്തരീക്ഷആർദ്രത(%) | 85 | 85 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ /മണിക്കൂർ) | 3 | 3 | 2 | 2 | 3 |
| കാറ്റിന്റെദിശ (ഡിഗ്രി) | 290 | 290 | 290 | 320 | 320 |
| മേഘവ്യാപ്തി(ഒക്ട) | 8 | 8 | 8 | 8 | 7 |
| കാലാവസ്ഥസംഗ്രഹം/അലേർട്ട് | ജില്ലയിൽ ഒറ്റപ്പെട്ടസ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരളത്തിൽ സാധാരണയിൽ കൂടുതൽ തോതിലുമുള്ള മഴയ്ക്ക് സാധ്യത. | | | | |
| പൊതു നിർദ്ദേശങ്ങൾ | ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക്ധാരാളം ശുദ്ധജലംകുടിക്കുക.ബാഷ്പീകരണം കൂടുകയും വരണ്ടഅന്തരീക്ഷ സ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനം കൊടുക്കുകയും,മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. | | | | |

## കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| **നെല്ല്** | തണ്ടുതുരപ്പൻ | നെല്ലിൽ തണ്ടുതുരപ്പന്റെ മുട്ടക്കൂട്ടങ്ങളെ നശിപ്പിക്കാൻ ട്രൈക്കോഗ്രാമ ജപ്പോണിക്കം എന്ന മുട്ടകാർഡുകൾ 5c ( ഒരു ഹെക്ടറിന് ) പറിച്ചു നട്ട 15 മുതൽ 30 ദിവസം കഴിഞ്ഞോ ഓരോ ആഴ്ച ഇടവിട്ടു ഉപയോഗിക്കാം. കൂടാതെ ഫിപ്രോനിൽ 0.3 G (5 കിലോഗ്രാം/ഏക്കർ) ശുപാർശ ചെയ്യുന്നു. |
| **വാഴ** | ബോറോണിന്റെ അഭാവം | വാഴയിലെ ബോറോണിന്റെ അഭാവം തടയാൻ ബോറാക്സ് (10 ഗ്രാം/ചെടി അല്ലെങ്കിൽ 4 കിലോഗ്രാം/ഏക്കർ) മണ്ണിൽ തളിക്കുക. ഉടനടി ഫലത്തിനായി ബോറാക്സ് (1 ഗ്രാം/ലിറ്റർ വെള്ളത്തിൽ) എന്ന തോതിൽ ഇലകളിൽ തളിക്കുക. |
| **ചീര** | ഇല കരിച്ചിൽ | ഇലകളിൽ വൈക്കോൽനിറത്തിലുള്ള പാടുകൾകാണുന്നു. രോഗംകൂടുന്നതോടെ പാടുകൾ കൂടിച്ചേർന്ന് ഇല പൊള്ളിയപ്പോലെ കാണുന്നു. ഇലകളിൽ വട്ടത്തിലുള്ള ദ്വാരങ്ങൾ കാണപ്പെടുന്നു. ഇതിനെ നിയന്ത്രിക്കാനായി 20 ഗ്രാം പച്ചചാണകം ഒരുലിറ്റർവെള്ളത്തിൽകലക്കി തെളിയെടുത്തതും 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർവെള്ളത്തിൽകലക്കിയതും, ചേർത്ത് തളിക്കുക. |
| **മൃഗസംരക്ഷണം** | | കന്നുകാലികൾക്ക് ധാരാളം കുടിവെള്ളം നൽകുക. ചൂട് കൂടുതലുള്ള സമയങ്ങളിൽ മേയുന്നത് |

| | |
|---|---|
| | ഒഴിവാക്കുക. ഷെഡിൽ ഫാനും ശരിയായ വായുസഞ്ചാരവും ഉറപ്പ് വരുത്തുക. |